# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6685 — 04.04.2018-ൽ മറുപടിക്ക്

## ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.എം. സ്വരാജ്**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീ.എൻ. വിജയൻപിള്ള** | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് ആരംഭിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2018-19 അദ്ധ്യയന വർഷം 1990 ഹൈസ്കൂളുകളിൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |
| ബി) പ്രസ്തുത ഐ. ടി. ക്ലബുകൾക്ക് പ്രഫഷണലുകളുടെയും കലാകാരന്മാരുടെയും കോളേജ് അദ്ധ്യാപകരുടെയും പിൻതുണയും സഹകരണവും ഉറപ്പാക്കിയിട്ടുണ്ടോ; | ബി) ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ക്യാമ്പുകളിൽ വിവിധ മേഖലകളിലുള്ള വിദഗ്ധരുടെ ക്ലാസ്സുകൾ നൽകുന്നതിനും ക്രമീകരണം ഒരുക്കിയിട്ടുണ്ട്. |
| സി) ഇ-കോമേഴ്സ്, ഇ-ഗവേണൻസ്, മലയാളം കംപ്യൂട്ടിംഗ് , മൊബൈൽ ആപ്പ് നിർമ്മാണം. സൈബർ സുരക്ഷ, ഹാർഡ് വെയർ, ആനിമേഷൻ, ഇലക്ട്രോണിക്സ് തുടങ്ങിയവ പ്രസ്തുത ക്ലബിന്റെ പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | സി) ഉണ്ട് ; അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ ഒരുലക്ഷം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുകയും പരിശീലനം ലഭിച്ച കുട്ടികളുടെ കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ് ' ഐ.ടി. ക്ലബ്ബായി രൂപീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ